# Kottayam East P S Crime 1462/2017- Accused Arrested



**കമ്മൽ വിനോദ്**

കോട്ടയം ഈസ്റ്റ് പോലിസ് സ്റേഷൻ പരിധിയിലുള്ള പുതുപ്പള്ളി പഞ്ചായത്ത് പതിനെട്ടാം വാർഡിൽ മന്ദിരം കലുങ്കിനു സമീപം ചേമ്പുകൾ നിൽക്കുന്ന ഭാഗത്ത് 2 പ്ലാസ്റ്റിക്ക് ചാക്കുകളിലായി തല ഇല്ലാതെ അരഭാഗത്ത് വച്ച് കാലുകളും ഉടലും നെടുകെ മുറിച്ചു മാറ്റിയ നിലയിൽ ഉപെഷിച്ച ഒരു പുരഷന്റെ ശരീര ഭാഗങ്ങൾ കണ്ടെത്തിയ സംഭവത്തിന് 27-08-2017 തീയതി കോട്ടയം ഈസ്റ്റ് പോലിസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ടി ശരീര ഭാഗങ്ങൾ പ്രേതവിചാരണ റിപ്പോർട്ട് നടത്തി പോസ്റ്റമാർട്ടം പരിശോധനകൾക്ക് ശേഷം ആളെ തിരിച്ചറിയുന്നതിനായി കോട്ടയം മെഡിക്കൽകോളേജ് ആശുപതി മോർച്ചറിയിൽ സൂക്ഷിച്ചുവരുന്നതാണ്. ഈ കേസ്സിലെയ്ക്ക് നടത്തിയ അന്വേഷണത്തിൽ ഇതിലെ മരണപ്പെട്ടത് പുതുപ്പള്ളി വില്ലേജ്, പയ്യപ്പാടി കരയിൽ മലകുന്നം ഭാഗത്തുള്ള സന്തോഷ് എന്നയാളാണെന്നു തിരിച്ചറിഞ്ഞിട്ടുള്ളതുമാണ്.

ഇതിലേയ്ക്ക് കൂടുതൽ അന്വേഷണങ്ങൾ നടത്തിയതിൽ ഇതിലെ കുറ്റകൃത്യം ചെയ്തത് ഇപ്പോൾ മീനടം പീടിയേപ്പടി ഭാഗത്ത് വാടകയ്ക്ക് താമസിച്ചു വരുന്ന കമ്മൽ വിനോദ് എന്നുവിളിക്കുന്ന വിനോദ്കുമാർ .എ.ആർ. വയസ്സ് 38, ടിയാന്റെ ഭാര്യ കുഞ്ഞുമോൾ.എൻ.എസ് വയസ്സ് 34 എന്നിവരാണെന്നു കണ്ടെത്തുകയും ടിയാന്മാരെ ഈ കേസ്സിലേയ്ക്ക് ഇന്നു (28-08-2017) കാലത്ത് 10.00 മണിയ്ക്ക് അറസ്റ്റ് ചെയത് ചോദ്യം ചെയ്ത രേഖപ്പെടുത്തിയ കുറ്റസമ്മതമൊഴിയിൽ മേൽ ശരീരഭാഗത്തിൽ നിന്നും വേർപെടുത്തിയ തല കോട്ടയം ഈസ്റ്റ് പോലിസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട തുരുത്തേൽപാലത്തിന് സമീപം തോട്ടിൽ ഉപേക്ഷിച്ചിട്ടുള്ളതായി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടി തലഭാഗം കണ്ടെടുത്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിലെ പ്രതി കമ്മൽ വിനോദ് കോട്ടയം ഈസ്റ്റ് പോലിസ് സ്റ്റേഷൻ കേസിലെ പ്രതിയായി ഇപ്പോൾ കോട്ടയം സെഷൻസ് കോടതിയിൽ വിചാരണയിൽ കഴിഞ്ഞു വരുന്നതാണ്